"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് -കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ റീ.സ. 461/1ബി7 -ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ (10 സെന്റ്) ഭൂമി ന്യായവിലയുടെ 50% തുക ഈടാക്കി കുന്നൂച്ചി ബെരിച്ചാത്തോട് ശ്രീ മുത്തപ്പൻ ദേവസ്ഥാനം പേരിൽ പതിച്ച് നൽകുന്നതിന് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.165/2026/RD　തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.40/2020/റവ തീയതി 29/01/2020.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 14/11/2023-ലെ DCKSGD/9916/2023/C1 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21/02/2025 ലെ LR/2/2024-LR(J10) നമ്പർ കത്ത്.
4. സ.ഉ(കൈ)നം.240/2025/RD തീയതി 09.08.2025.
5. സ.ഉ(കൈ)നം.38/2026/RD തീയതി. 27/01/2026.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പനയാൽ വില്ലേജിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ റീ.സ. 461/1ബി7-ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ (10 സെന്റ്) ഭൂമി പരാമർശം(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുന്നൂച്ചി ബെരിച്ചാത്തോട് ശ്രീ.മുത്തപ്പൻ ദേവസ്ഥാനത്തിന് പതിച്ചു നൽകുന്നതിനായി ദേവസ്ഥാനം പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം(3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പുറപ്പെടുവിച്ച പരാമർശം(4) ഉത്തരവ് ഭേദഗതി വരുത്തി പരാമർശം(5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം(4) ഉത്തരവിലെ നിബന്ധനകളിൽ പ്രസ്തുത ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ എന്നിവ 1990 ജനുവരി 1 ന് മുൻപ് നിലവിൽ ഉള്ളവ ആയിരിക്കണം" എന്നത് പരാമർശം(5) പ്രകാരം '25/08/2008 ന് മുമ്പ് നിലവിലുള്ളവയായിരിക്കണം' എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം 01/08/1971ന് ശേഷവും 01/01/1990 മുൻപും കൈവശത്തിലുള്ളതാകയാൽ ഫെയർവാല്യുവിന്റെ 50% ഈടാക്കി പതിച്ചു നൽകാവുന്നതാണ് .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പുറപ്പെടുവിച്ച പരാമർശം(4) ഉത്തരവിന്റെയും ടി ഉത്തരവ് ഭേദഗതി വരുത്തി പുറപ്പെടുവിച്ച പരാമർശം(5) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ റി.സ. 461/1ബി7 -ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ (10 സെന്റ്) ഭൂമി ന്യായവിലയുടെ 50% തുക ഈടാക്കി കുന്നുച്ചി ബെരിച്ചാത്തോട് ശ്രീ മുത്തപ്പൻ ദേവസ്ഥാനം പേരിൽ പതിച്ച് നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസിൽദാർ, ഹോസ്ദുർഗ് താലൂക്ക്, കാസർഗോഡ്
ധനകാര്യ വകുപ്പ് (15/10/2025-ലെ Exp-D3/69/2025/Fin പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Kumari Sindhu S**
**Date: 15-03-2026 15:49:21**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യു വകുപ്പ് സെക്രട്ടറിയുടെ പി.എ-ക്ക്